## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.95 08.02.2013 - ൽ മറുപടിക്ക്**

**ദേശീയപാതാ വികസനത്തിന് കേന്ദ്ര സഹായം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി. ജമീലാ പ്രകാശം**<br>**ശ്രീ. മാത്യു.റ്റി.തോമസ്**<br>**,, ജോസ് തെറ്റയിൽ**<br>**,, സി.കെ.നാണു** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) ദേശീയപാതാ വികസനത്തിന് കേന്ദ്ര സർക്കാർ സഹായത്തോടെ നടത്തുന്ന പദ്ധതികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) ദേശീയപാത 17 ഉം 47 ഉം (പുതിയ നമ്പർ എൻ.എച്ച്.66) ചേർന്നുള്ള 669 കി.മീ. - ൽ തലപ്പാടി മുതൽ ഇടപ്പള്ളിവരെയും ചേർത്തല മുതൽ തമിഴ്നാട് അതിർത്തിവരെയുമുള്ള ഭാഗങ്ങളിലെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിൽ ഇടപ്പള്ളി മുതൽ അരൂർ വരെയുള്ള ഭാഗം നാലുവരിപാതയായി വികസിപ്പിച്ചിട്ടുണ്ട്. എൻ.എച്ച്. 47 ന്റെ വാളയാർ മുതൽ ഇടപ്പള്ളി വരെയുള്ള (പുതിയ നമ്പർ എൻ.എച്ച്.544) 160 കി.മീ. സ്ഥലമെടുപ്പ് പൂർത്തിയാക്കി, നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഇതിൽ തൃശ്ശൂർ മുതൽ ഇടപ്പള്ളി വരെയുള്ള 72 കി.മീ. 4 വരിപാതയായി ഗതാഗതത്തിന് തുറന്നു കൊടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സ്ഥലം ഏറ്റെടുത്ത് നൽകുന്നതിന് എൻ.എച്ച്.എ.ഐ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; | (ബി) | സ്ഥലമെടുപ്പ് വിജ്ഞാപനത്തിന്റെ കാലാവധി 1 വർഷത്തേയ്ക്കാണ്. 1 വർഷം കഴിഞ്ഞാൽ സ്ഥലമെടുപ്പ് നടപടി Denova ആകുന്നതും, തുടർന്ന് പുതിയ വിജ്ഞാപനം ഇറക്കേണ്ടതുമാണ്. എൻ.എച്ച്. 47 -ൽ (പുതിയ നമ്പർ എൻ.എച്ച്.66) ചേർത്തല മുതൽ ഓച്ചിറ വരെയും ഓച്ചിറ മുതൽ സംസ്ഥാന അതിർത്തിവരെയും ഉള്ള ഭാഗങ്ങൾക്ക് പുതുതായി വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ കാലാവധി മാർച്ച് 2013 വരെ ഉണ്ട്. |
| (സി) | ഏതെല്ലാം റോഡുകൾ എത്ര മീറ്റർ വീതിയിൽ എത്ര ദൂരം വികസിപ്പിക്കുവാനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്; | (സി) | ദേശീയപാത 17 ഉം 47 ഉം 45 മീറ്റർ വീതിയിൽ ( 669 + 160 കി.മീ.) വികസിപ്പിയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. ബാക്കിയുള്ള ദേശീയപാതകളായ എൻ.എച്ച്. 49 (168 കി.മീ.) എൻ.എച്ച്. 208 (81 കി.മീ.), എൻ.എച്ച്. 212 (118 കി.മീ.), എൻ.എച്ച്. 213 (125 കി.മീ.), എൻ.എച്ച്. 220 (190 കി.മീ.) ഇവ പേവ്ഡ് ഷോൾഡറോടുകൂടിയ 2 വരിപാതയായി പി.പി.പി. മോഡിൽ വികസിപ്പിയ്ക്കാനുള്ള സാധ്യതാ പഠനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വിവിധ കാരണങ്ങളാൽ നിലവിലുള്ള പാതയിൽ നിന്നും വ്യതിയാനമുണ്ടാകുന്ന സ്ഥലങ്ങളിൽ റൈറ്റ് ഓഫ് വേ (ROW) സംബന്ധിച്ച് തീരുമാനം ആയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | സ്ഥലമെടുപ്പ്, പദ്ധതിയുടെ നടത്തിപ്പ് എന്നിവ സംബന്ധിച്ച് എന്തെങ്കിലും പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടോ; | (ഡി) & (ഇ) | എൻ.എച്ച്. 17 ലും എൻ.എച്ച്. 47 ലും ചില ഇടങ്ങളിൽ പരാതികളും എതിർപ്പുകളും നിലവിലുണ്ട്. ആയത് പരിഹരിയ്ക്കാനുള്ള നടപടിയുടെ ഭാഗമായി സർക്കാർ ഉത്തരവ് സ.ഉ. (സാധാ) നം.76/2013/പൊമവ തീയതി 16.01.2013 പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ഇ) | എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ